File No. LSGD-DD2/102/2018-LSGD

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ദേവികുളം ബ്ലോക്ക് പഞ്ചായത്ത് - 2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ബിരുദാനന്തര ബിരുദ പഠനം നടത്തുന്ന പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങി നൽകുന്നതിനുള്ള പ്രോജക്ട് - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) 587/19/തസ്വഭവ തിരുവനന്തപുരം, തീയതി, 09.03.2019

================================================================

പരാമർശം: 1) ദേവികുളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 30.01.18-ലെ കത്ത്

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.02.2018-ലെ യോഗത്തിന്റെ 4.11-ാം നമ്പർ തീരുമാനം

3) ഗ്രാമവികസന കമ്മീഷണറുടെ 14.06.18, 16.11.2018 തീയതികളിലെ 6380/ഡിപി4/18/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

ദേവികുളം ബ്ലോക്ക് പഞ്ചായത്ത് 2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 2016-17 വർഷം സ്പിൽ ഓവർ പദ്ധതിയായി അംഗീകരിച്ച് നടപ്പിലാക്കിയ, ബിരുദാനന്തര ബിരുദ പഠനം നടത്തുന്ന പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങി നൽകുന്നതിനുള്ള പ്രോജക്ടിന് സാധൂകരണം നൽകണമെന്ന പരാമർശം(1) പ്രകാരമുള്ള അപേക്ഷ വകുപ്പ് തലത്തിൽ പരിശോധിച്ച് തീരുമാനമെടുക്കാൻ 06.02.2018-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരാമർശം (2) പ്രകാരം തീരുമാനിച്ചിരുന്നു.

2. ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ഗ്രാമസഭ മുഖേന തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികളെയാണ് പദ്ധതിക്കായി തെരഞ്ഞെടുത്തതെന്നും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 16.06.16-ലെ 14-ാം നമ്പർ തീരുമാനം അനുസരിച്ച് റേറ്റ് കോൺട്രാക്ട് പ്രകാരം ലാപ് ടോപ് വാങ്ങുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയതിനെത്തുടർന്ന് 24.06.16-ലെ കമ്മിറ്റിയുടെ 5-ാം നമ്പർ തീരുമാന പ്രകാരം റേറ്റ് കോൺട്രാക്ട് അനുസരിച്ച് ടോഷിബോ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി എന്ന സ്ഥാപനത്തിന്റെ ഉപസ്ഥാപനമായ എസ്ക്വാഡ് ടെക്നോളജി, തൊടുപുഴ എന്ന സ്ഥാപനത്തിൽ നിന്നും യൂണിറ്റ് ഒന്നിന് 41,843/-രൂപ നിരക്കിൽ വാങ്ങുന്നതിന് തീരുമാനിച്ചതായി പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ബിരുദാനന്തര ബിരുദ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഉയർന്ന കോൺഫിഗറേഷനിലുള്ള ലാപ് ടോപ് നൽകണമെന്ന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിക്ക് ബോധ്യപ്പെട്ടതിനാലാണ് 2015-16 വർഷത്തെ മാർഗ്ഗനിർദ്ദേശം അനുസരിച്ച് കേന്ദ്ര സർക്കാർ അംഗീകരിച്ച റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനത്തിൽ നിന്നും യൂണിറ്റിന് 41,843/-രൂപ

വിലയുള്ള 75 ലാപ് ടോപ്പുകൾ വാങ്ങി നൽകിയതെന്നും ടി പദ്ധതി നടപ്പാക്കിയത് സംബന്ധിച്ച് യാതൊരുവിധ നഷ്ടമോ ക്രമക്കേടുകളോ ഉണ്ടായിട്ടില്ല എന്നും റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു. കൂടാതെ ദേവികുളം ബ്ലോക്ക് പഞ്ചായത്ത് തോട്ടം മേഖലയായതിനാൽ പട്ടികജാതി വിഭാഗത്തിലെ വികസന ഫണ്ട് ചെലവഴിക്കുന്നതിനും മറ്റ് പദ്ധതികൾ നടപ്പിലാക്കുന്നതിനും ബുദ്ധിമുട്ട് നേരിടുന്നതിനാലാണ് ഇത്തരത്തിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയത് എന്നും പദ്ധതി നടത്തിപ്പിൽ ക്രമക്കേടുകൾ ഒന്നും നടന്നിട്ടില്ല എന്നതിനാൽ പദ്ധതിക്ക് സാധൂകരണം നൽകാവുന്നതാണെന്നും റിപ്പോർട്ടിൽ ശുപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമവികസന കമ്മീഷണറുടെ ശുപാർശ യുടെ അടിസ്ഥാനത്തിൽ ദേവികുളം ബ്ലോക്ക് പഞ്ചായത്ത് 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 2016-17 വർഷം സ്പിൽ ഓവർ പദ്ധതിയായി നടപ്പാക്കിയ, ബിരുദാനന്തര ബിരുദ പഠനം നടത്തുന്ന പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്ന പദ്ധതിക്കായി കേന്ദ്ര സർക്കാർ അംഗീകരിച്ച റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനത്തിൽ നിന്നും റേറ്റ് കോൺട്രാക്ട് പ്രകാരം യൂണിറ്റിന് 41,843/-രൂപ (നാൽപ്പത്തി ഒന്നായിരത്തി എണ്ണൂറ്റി നാൽപ്പത്തി മൂന്ന് രൂപ മാത്രം) നിരക്കിൽ ലാപ് ടോപ് വാങ്ങിയ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി/പ്രസിഡന്റ്, ദേവികുളം ബ്ലോക്ക് പഞ്ചായത്ത്, ഇടുക്കി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**